ശ്രീ. എൻ. ഐ. ദേവസിക്കുട്ടി: പെൺകുട്ടികളും വിദേശരാജ്യങ്ങളിലേക്കു പോകുന്നതിൽ ബഹുമാനപ്പെട്ട രാജനു് വല്ല നിരാശയുമുണ്ടായിട്ടുണ്ടോ എന്നുള്ളതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. കെ. ഐ. രാജൻ: എനിക്കു് യാതൊരു നിരാശയുമില്ല. മെമ്പർക്കുണ്ടോയെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറന്മാർ തമ്മിൽ പെൺകുട്ടികളുടെ കാര്യം പറഞ്ഞു തക്കിക്കുന്നതെന്തിനാണു്.

മി. സ്പീക്കർ: 141-ാ മത്തെ ചോദ്യത്തിൽ 5-8-1969-ൽ മറുപടിപറഞ്ഞിട്ടുള്ളതാണു്. ചോദ്യം നമ്പർ 142.

സ്വകാര്യവനങ്ങളും ഗവണ്മെൻറു് ഏറ്റെടുക്കുന്നതിനാവശ്യമായ നിയമനിർമ്മാണ പ്രവർത്തനങ്ങളും

* 55 [142] ശ്രീ. കെ. ശേഖരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി പറയുമോ:

(എ) സ്വകാര്യവനങ്ങളും ഗവണ്മെൻറു് ഏറ്റെടുക്കുന്നതിനാവശ്യമായ നിയമ നിർമ്മാണ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കെ സ്വകാര്യവന ഉടമകൾക്കു് വനം വെട്ടിവെളുപ്പിക്കാൻ പെർമിറു കൊടുക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു്?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ എം. കെ. കൃഷ്ണൻ)

(എ) ഉണ്ടു്.

(ബി) നിലവിലുള്ള നിയമത്തിനു വിധേയമായിട്ടാണു് പെർമിറു നൽകുന്നതു്.

ശ്രീ. കെ. ശേഖരൻനായർ: കൊയിലാണ്ടിതാലൂക്കിലുള്ള പേരാംപ്ര എന്ന സ്ഥലത്തു പാറുക്കുട്ടി മൂപ്പിലമ്മ എന്ന ഒരു സ്ത്രീക്കും ആദ്യം 75 ഏക്കർ സ്ഥലത്തെമരം മുറിച്ചുനീക്കാൻ പെർമിറു കൊടുക്കുകയും പിന്നീടു അവർ സ്വാധീനശക്തിയുപയോഗിച്ചു 200 ഏക്കർ സ്ഥലത്തെ മരം മുറിക്കാനുള്ള അനുവാദം കരസ്ഥമാക്കുകയും അതുപയോഗിച്ചു 400 ഏക്കർ സ്ഥലത്തെ മരം മുറിക്കുകയും ചെയ്തു. അതിനെത്തുടർന്നു പരാതികളുണ്ടായപ്പോൾ ഫോറസ്റ്റു് ഉദ്യോഗസ്ഥന്മാർ അതിനെ തടഞ്ഞുവച്ചു. അപ്പോൾ സെക്രട്ടേറിയറ്റിൽനിന്നും പ്രത്യേക കല്പന പുറപ്പെടുവിച്ചു മരം കൊണ്ടുപോകാനുള്ള അനുവാദം കൊടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ എം. കെ. കൃഷ്ണൻ: കേസ്സിന്റെ വിശദവിവരങ്ങളും ഇപ്പോൾ കൈവശമില്ല; ഓർമ്മയിൽനിന്നു പറയാം. നിയമപ്രകാരമുള്ള പെർമിറു് മാത്രമേ ഈ പ്രത്യേക കേസിൽ ഗവണ്മെൻറു് നൽകിയിട്ടുള്ളു. അങ്ങനെകൊടുക്കുന്ന പെർമിറുകളിൽ ഏതെങ്കിലും പെർമിറു് മിസ്സ്യൂസ് ചെയ്യുകയോ മറേറാ ചെയ്താൽ അതിനു വേണ്ട നടപടികളെടുക്കാൻ എം. പി. പി. ആക്ടിൽ. ആക്ടിൽ പ്രത്യേക വ്യവസ്ഥകളുണ്ടു്. അതു പ്രകാരം ഗവണ്മെൻറു് നടപടികളും സ്വീകരിച്ചിട്ടുണ്ടു്. ഗവണ്മെൻറിന്റെ നടപടി കേരള ഹൈക്കോടതി ശരിവച്ചിട്ടുമുണ്ടു്.

ശ്രീ. കെ. ശേഖരൻനായർ: ഹൈക്കോടതിയുടെ തീരുമാനമെന്താണെന്നെനിക്കറിയേണ്ട. സെക്രട്ടേറിയറ്റിൽനിന്നു് 8-4-1969 ൽ 2046/എഫ് 4/69/എഡി. നമ്പരായി ഒരു കല്പന പുറപ്പെടുവിച്ചിട്ടുണ്ടു്. ഇതുമായി തിരക്കുകൂട്ടി കല്പന പുറപ്പെടുവിക്കാനുണ്ടായ കാരണം എന്താണു്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ: പ്രത്യേകമായി ചോദിച്ചാൽ വിവരങ്ങളും പറയാം.

ശ്രീ കെ. കരുണാകരൻ: കളക്ടറും ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരും മരം മുറിച്ചു കൊണ്ടുപോകരുതെന്നു പറഞ്ഞു കല്പന പുറപ്പെടുവിച്ചിട്ടുള്ള കാര്യത്തിൽ ഗവണ്മെൻറ് ഇടപെട്ട് മരംമുറിക്കാനുള്ള കല്പന കൊടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്?

ശ്രീ എം. കെ. കൃഷ്ണൻ: ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർക്ക് മരം മുറിക്കാൻ അനുവാദം കൊടുക്കാൻ അധികാരമില്ല. അതിനുള്ള സ്റ്റാസ്റ്റ്യൂടറി അധികാരം കളക്ടർമാർക്കാണ്. എം പി. പി. എഫ്. ആക്ട് പ്രകാരമാണ് അധികാരംകൊടുക്കുന്നത്. കളക്ടറുടെ തീരുമാനത്തിന്മേലുള്ള അപ്പീലധികാരം ഗവണ്മെൻറിനാണ് ഏതെങ്കിലും ഒരു കാര്യത്തിൽ കളക്ടർ എടുക്കുന്ന തീരുമാനത്തിൽ അപ്പീൽ ഉണ്ടായാൽ അത് ഗവണ്മെൻറിൽ നൽകുകയും ഗവണ്മെൻറ് അതുകേട്ട് തീരുമാനമെടുക്കുകയും ചെയ്യും.

ശ്രീ. കെ. കരുണാകരൻ: പാറുക്കുട്ടിമൂപ്പിലമ്മയുടെ കേസിൽ ഇടപെട്ട് മരം കൊണ്ടുപോകാനുള്ള കല്പന ഗവണ്മെൻറ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ് ?

ശ്രീ. എം. കെ. കൃഷ്ണൻ ; അതിനാണ് പറഞ്ഞത് പ്രത്യേക ചോദ്യം ചോദിക്കണമെന്ന്.

ശ്രീ. കെ. കരുണാകരൻ: ഈ ചോദ്യം മരം വെട്ടിമുറിക്കുന്നതിനുള്ള

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഇത് പർട്ടിക്കുലർ മാറ്ററാണ്.

ശ്രീ. കെ. കരുണാകരൻ: പർട്ടിക്കുലർ മാറ്ററല്ല സർ. സ്വകാര്യ ഉടമകൾക്ക് വനം വെട്ടിവെളുപ്പിക്കാൻ പെർമിറ്റ് കൊടുക്കുന്നതിനെക്കുറിച്ചാണ് ചോദ്യം. നിയമവിരുദ്ധമായി മരം മുറിച്ചുകൊണ്ടുപോകാൻ പ്രത്യേക കല്പന കൊടുത്തിട്ടുണ്ടോ ? ഓർഡറിന്റെ കോപ്പി ബഹു: മന്ത്രിയുടെ കൈയിൽത്തന്നെ ഉണ്ടല്ലോ.

മി. സ്പീക്കർ: ഒരു പ്രത്യേക കാര്യത്തെ സംബന്ധിച്ചാണ് ചോദിക്കുന്നത്. അത് ഫയലിൽ നോക്കാതെ പറയാൻ കഴിയുകയില്ല.

ശ്രീ. കെ. എം. ജോർജ്ജ്: മൂപ്പിലമ്മക്ക് കൊടുത്ത പെർമിറ്റിൽ വെട്ടാൻ ഉദ്ദേശിച്ചിരുന്നതിനെക്കാളും വെട്ടിയ തടി കൊണ്ടുപോകാൻ ടെലിപ്രിൻറർ വഴി കളക്ടർക്ക് മെസേജ് കൊടുത്തിട്ടുണ്ട്. അതിനെപ്പറ്റിയാണ് ചോദിച്ചത്.

ശ്രീ. എം. കെ. കൃഷ്ണൻ. എം. പി. പി. എഫ്. ആക്ടപ്രകാരം ഏതെങ്കിലുമൊരാൾ നിയമവിരുദ്ധമായി മരം മുറിച്ചിട്ടുണ്ടെങ്കിൽ അതിനു നടപടികളെടുക്കാൻ ആക്ടിൽ പ്രത്യേകം വ്യവസ്ഥകളുണ്ട്. അതുപ്രകാരം നടപടി നടത്തണമെന്ന് കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നടപടി നടത്തുന്നതിനുള്ള അധികാരം കളക്ടർക്കാണ്. ഈ പ്രത്യേക കേസിൽ പെർമിറ്റു കളക്ടർ സ്റ്റേചെയ്തിരിക്കുകയാണ്.

ശ്രീ. കെ. എം. ജോർജ്ജ്: ടെലിപ്രിൻറർവഴി കൊടുത്ത മെസേജ് സ്റ്റേ ചെയ്യുകയും മണിക്കൂറുകൾക്കകം അത് വെക്കറ്റു ചെയ്യുകയും ചെയ്തുകൊണ്ട് ഇല്ലിസെറ്റ് ഫെല്ലിംഗിനു പ്രൊട്ടക്ഷൻ കൊടുക്കണമെന്നു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ: അങ്ങനെയൊരു ഉത്തരവു പുറപ്പെടുവിച്ചിട്ടില്ല.

ശ്രീ. കെ. എം. ജോർജ്: ഇതു സംബന്ധിച്ചാണോ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്തത് ?

ശ്രീ. എം. കെ. കൃഷ്ണൻ: അല്ല.

ശ്രീ. കെ. കരുണാകരൻ : കളക്ടറുടെയും ഫോറസ്റ്റ് ഡിപ്പാർട്ടമെന്റിന്റെയും ഉദ്ദേശത്തിനു വിപരീതമായി ഗവണ്മെന്റ് എന്തെങ്കിലും പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ഗവണ്മെന്റ് കളക്ടറുടെയും ഫോറസ്റ്റ് ഡിപ്പാർട്ടമെന്റിന്റെയും ഉദ്ദേശത്തിനു വിപരീതമായി ഒരു കല്പനയും പുറപ്പെടുവിച്ചിട്ടില്ല. ഗവണ്മെന്റിനു അപ്പീൽ പൗവ്വേഴ്സ് ഉണ്ട്.

ശ്രീ. കെ. എം. മാണി : കല്പന പുറപ്പെടുവിച്ചിട്ടില്ലെന്ന ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 8-4-69-ൽ 2046/എഫ്4/ 69/എഡി നമ്പരായി അയച്ച ലെറ്റർ ഞാൻ വായിക്കാം,

ശ്രീ. ടി. കെ. കൃഷ്ണൻ : ചോദ്യോത്തരവേളയിൽ ഇങ്ങനെ ലെറ്റർ വായിക്കുന്നതു് അനുവദനീയമാണോ ?

Shri. K. M. Mani : I am referring to the letter just to contradict the version of the Hon Minister.

Mr. Speaker : Probably the Member may have some information on the subject. You can give the information.

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായത്തെ എതിർക്കാൻ വേണ്ടിയാണു് ഞാൻ ഇതു വായിക്കുന്നതു്.

"This is letter No.2046/F4/69/AD Dated 8-4-69.

In continuation of the reference cited, Iam directed to inform you that the applicant Sri A. P. Parukutty Moopillamma has since requested Government to allow the transport of all the timbers cut before 30-3-1969, from the malavaram including the alleged illicit cutting.

I am to inform you that the Government have allowed this request and the earlier direction is modified to this extent." ഇല്ലിസിറ്റു് ഫെല്ലിംഗ് നടത്തിയ തടിക്കൂടി കൊണ്ടുപോകാൻ അനുമതി നൽകിയിട്ടില്ലേ ?

ശ്രീ. എം. കെ. കൃഷ്ണൻ : ആക്ടിലെ വ്യവസ്ഥപ്രകാരം കൊണ്ടുപോകാൻ മാത്രമേ അനുവാദം നൽകിയിട്ടുള്ള.

ശ്രീ. കെ. കരുണാകരൻ : നിയമവിരുദ്ധമായി മുറിച്ച മരത്തിനു പിഴകെട്ടണമെന്ന വ്യവസ്ഥയുണ്ടു്. ആ വ്യവസ്ഥ ഇതിൽ പാലിച്ചിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ : അങ്ങനെയുള്ള വ്യവസ്ഥയുണ്ടു്. ആ വ്യവസ്ഥയ്ക്കു വിധേയമായിട്ടാണു് മരം കൊണ്ടുപോകാൻ അനുവദിച്ചതു്.

ശ്രീ. കെ. കരുണാകരൻ : അവസാന കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ എന്നാണു ചോദ്യം.

ശ്രീ. എം. കെ. കൃഷ്ണൻ : ആക്ടിനു വിധേയമായിട്ടാണു് കല്പന കൊടുത്തിട്ടുള്ളതു്. അതുകൊണ്ടാണു് കേരള ഹൈക്കോടതി ഗവണ്മെന്റിന്റെ നടപടി ശരിയാണെന്നു പറഞ്ഞതു്.

ശ്രീ. ഒ. കോരൻ : അട്ടപ്പാടിയിൽ ചില ആളുകൾക്കു് മരം മുറിക്കുന്നതിനുള്ള അനുവാദം കൊടുത്തിട്ടുണ്ടു്. എന്നാൽ ആ അനുവാദത്തെ ദുരുപയോഗപ്പെടുത്തി കുണക്കിലേറെ മരം മുറിക്കുന്നതായി ആക്ഷേപമുള്ളതായി അറിയാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : അട്ടപ്പാടിയിൽ നിലവിലുള്ള പെർമിറ്റുകളെ ദുരുപയോഗപ്പെടുത്തി ചില ആളുകൾ മരങ്ങൾ മുറിച്ചുകൊണ്ടുപോകുന്നു എന്നുള്ള പരാതിയെത്തുടർന്നു് അതു തടയുന്നതിനു ആവശ്യമായ നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. നമ്പൂതിരി : പ്രൈവറ്റ് ഫോറസ്റ്റുകളെല്ലാം ദേശസാൽക്കരിക്കാനുള്ള ബിൽ പാസാക്കാൻ പോകുന്നു. ഈ അവസരത്തിൽ ആ ബിൽ പാസ്സാക്കുന്നതുവരെ ഒരു കാരണത്താലും മരം മുറിക്കാൻ പാടില്ലെന്ന നിർദ്ദേശം കൊടുക്കാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : നിർദ്ദേശം കൊടുക്കാൻ നിവൃത്തിയില്ല. ഒരു ആക്ട് നിലവിലുള്ളപ്പോൾ ആ ആക്ടിൽ ഉള്ള പ്രൊവിഷൻ അനുസരിച്ച് പ്രവർത്തിക്കാൻ നാം ബാധ്യസ്ഥരാണ്.

മന്ത്രിമാരുടെ സ്വത്തുവിവരം

* 56. (143) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : താഴെ കാണുന്നചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാർക്സിസ്റ്റ് പാർട്ടി മന്ത്രിമാരും സി. പി. ഐ. മന്ത്രിമാരും പ്രസിദ്ധപ്പെടുത്തിയ സ്വത്തുവിവരം മുഖ്യമന്ത്രി പരിശോധിക്കുകയുണ്ടായോ :

(ബി) ഇപ്രകാരം സ്വത്തുവിവരം പ്രസിദ്ധപ്പെടുത്തിയതു് മന്ത്രിസഭയുടെയോ മുഖ്യമന്ത്രിയുടെയോ നിർദ്ദേശമനുസരിച്ചാണോ ;

(സി) ബാക്കിയുള്ള മന്ത്രിമാർ എന്തുകൊണ്ടാണ് അവരുടെ സ്വത്തുവിവരം പ്രസിദ്ധപ്പെടുത്താത്തതെന്നു് മുഖ്യമന്ത്രി അന്വേഷണം നടത്തുകയുണ്ടായോ ;

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ), (ബി), (സി), മുഖ്യമന്ത്രി അല്ല, അതാതു മന്ത്രിമാർതന്നെയാണു് പ്രസിദ്ധീകരിച്ചതു്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ബഹുമാനപ്പെട്ട വ്യവസായമന്ത്രി ശ്രീ. ടി. വി. തോമസ്സു് പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ സ്വത്തുവിവരത്തിൽ അദ്ദേഹത്തിനും ഭാര്യയ്ക്കുംകൂടി കൂട്ടായി വീടും പറമ്പും കാറും ഉണ്ടെന്നു് പറയുന്നുണ്ടു്. എന്നാൽ റവന്യൂമന്ത്രി വെളിപ്പെടുത്തിയ സ്വത്തു വിവരത്തിൽ വ്യവസായമന്ത്രിയുമായി കൂട്ടായി ഉള്ള യാതൊരു സ്വത്തും ഉണ്ടെന്നു പറഞ്ഞിട്ടില്ല. വ്യവസായമന്ത്രി വെളിപ്പെടുത്തിയ വിവരത്തിൽ ഭാര്യയ്ക്കും തനിക്കും കൂട്ടായി ഉള്ള സ്വത്തുവിവരം പറയുന്നുണ്ടു്. ഇതിൽ ഉള്ള വൈരുദ്ധ്യത്തെക്കുറിച്ചു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു വിശദീകരണം നൽകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഭാര്യമാരെയും സ്വത്തും തിരിച്ചറിയാത്ത ചില ആളുകളും അപ്പുറത്തുകണ്ടേക്കും. അതുകൊണ്ടു് ഈ വക കാര്യങ്ങളെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെമ്പർക്കു് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ തെളിവു് ഹാജരാക്കിയാൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : എനിക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രിയും റവന്യൂമന്ത്രിയും വെളിപ്പെടുത്തിയ സ്വത്തു വിവരത്തിൽ ഉള്ള വൈരുദ്ധ്യത്തിന്റെ കാരണമെന്താണെന്നു് ഒരു വിശദീകരണം മാത്രംമതി. മറ്റു കാര്യങ്ങളൊക്കെ പിന്നീടു് തീരുമാനിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇതിനു് ഉത്തരം പറഞ്ഞാൽമതി; മറ്റു കാര്യങ്ങളൊക്കെ പിന്നീടു തീരുമാനിക്കാം എന്നു പറയുന്നതു ശരിയാണോ ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : മുഖ്യമന്ത്രി വെളിപ്പെടുത്തിയിട്ടുള്ള സ്വത്തു വിവരത്തിൽ അദ്ദേഹത്തിനു് പലിശയില്ലാതെ ഏതാനും സംഖ്യ ചിലർ കടംകൊടുത്തിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ടു്. ആ സഹൃദയരായ ആളുകളും ആരാണെന്നു വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly